## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4179 | 16.03.2017 ൽ മറുപടിക്ക്

### അന്യസംസ്ഥാന തൊഴിലാളികളുടെ മക്കളുടെ ആരോഗ്യ-വിദ്യാഭ്യാസ കാര്യങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ടി. വി. ഇബ്രാഹിം : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) കേരളത്തിൽ ജോലി ചെയ്യുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ മക്കളുടെ ആരോഗ്യ-വിദ്യാഭ്യാസ കാര്യങ്ങൾക്ക് എന്തെങ്കിലും പ്രത്യേക പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) കേരളത്തിൽ ജോലി ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ മക്കളുടെ ആരോഗ്യ–വിദ്യാഭ്യാസ കാര്യങ്ങൾ സംബന്ധിച്ച് തൊഴിൽ വകുപ്പ് മുഖേന പ്രത്യേക പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല. |
| (ബി) ഇല്ലെങ്കിൽ, ഭാവിയിൽ ഇത്തരം പരിപാടികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ; | (ബി) ഈ വിഷയം പരിശോധിക്കാവുന്നതാണ്. |
| (സി) അപകടത്തിൽ മരണമടയുന്ന അന്യ സംസ്ഥാന തൊഴിലാളികളുടെ മൃതദേഹം നാട്ടിലേയ്ക്ക് കൊണ്ടുപോവാൻ എന്തെങ്കിലും സാമ്പത്തിക സഹായങ്ങൾ നൽകുന്നുണ്ടോ; വിശദീകരിക്കുമൊ? | (സി) ഉണ്ട്. 2010–ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൽ അംഗമായ ഇതര സംസ്ഥാന തൊഴിലാളികളുടെ ഭൗതിക ശരീരം നാട്ടിലെത്തിക്കുന്നതിന് 5000 രൂപ മുതൽ 15000 രൂപ വരെ ധനസഹായം നൽകുന്നു. |

സെക്ഷൻ ഓഫീസർ